# സന്ദേശനിലയം

ഈശോയിൽ സ്നേഹംനിറഞ്ഞവരേ,

''മ്ശിഹാ നിങ്ങളിൽ രൂപപ്പെടുന്നതുവരെ ഞാൻ നിങ്ങൾക്കുവേണ്ടി പ്രസവ വേദന അനുഭവിക്കുന്നു'' *(ഗലാ. 4:19)*. പൗലോസ്ശ്ലീഹായുടെ ഈ വാക്യം വിശ്വാസപരിശീലനശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന ഓരോ വ്യക്തിക്കും വഴികാട്ടിയാകേണ്ട ദൈവവചനമാണ്. പുതിയ ആരാധനാവത്സരത്തിലേക്കു പ്രവേശിക്കുമ്പോൾ നമുക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന കുട്ടികളിൽ മ്ശിഹാ ഉരുവാകാൻ തീക്ഷ്ണതയോടെ പരിശ്രമിക്കാം. ശ്ലീഹാ വീണ്ടും പറയുന്നു ''എന്തെന്നാൽ നിങ്ങളെക്കുറിച്ചു ഞാൻ പര്യാകുലനായിരിക്കുന്നു'' *(ഗലാ. 4:20)*. ഈശോമ്ശിഹായുടെ ജനനം അനുസ്മരിക്കുന്ന മംഗളവാർത്തക്കാലത്തിൽ വിശ്വാസപരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന കുട്ടികളിൽ ഈശോ രൂപപ്പെടാനിടയാകട്ടെയെന്നു പ്രാർഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
*(ഡയറക്ടർ)*

**ഫാ. സെബാസ്റ്റ്യൻ മാമ്പറ**
**ഫാ. ജോസഫ് പൊന്നാറ്റിൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടേഴ്സ്)*

## അറിയിപ്പുകൾ

**ഡിസംബർ**

01 ഞായർ : **ഇരുപത്തഞ്ചുനോമ്പാരംഭം**
മംഗളവാർത്ത ഒന്നാം ഞായർ ക്ലാസ്സ്– 27
**മതാധ്യാപകസെമിനാർ തിരുവനന്തപുരം ഫൊറോന**

08 ഞായർ : **പരിശുദ്ധ കന്യകാമറിയത്തിന്റെ അമലോത്ഭവതിരുനാൾ**
മംഗളവാർത്ത രണ്ടാം ഞായർ ക്ലാസ്സ്– 28

14 ശനി : സി.എൽ.റ്റി. ക്ലാസ്സ്, **മതാധ്യാപകസെമിനാർ: അതിരമ്പുഴ, കുടമാളൂർ ഫൊറോനകൾ**

15 ഞായർ : മംഗളവാർത്ത മൂന്നാം ഞായർ ക്ലാസ്സ്– 29,
**മതാധ്യാപകസെമിനാർ: കൊല്ലം–ആയൂർ ഫൊറോന**

18 ബുധൻ : മൈലാപ്പൂരിലെ അദ്ഭുതസ്ലീവാ

21 ശനി : സി.എൽ.റ്റി. ക്ലാസ്സ്

22 ഞായർ : മംഗളവാർത്ത നാലാം ഞായർ ക്ലാസ്സ്– 30,
**മതാധ്യാപകസെമിനാർ: തൃക്കൊടിത്താനം ഫൊറോന**

25 ബുധൻ : **പിറവിതിരുനാൾ**– കടമുള്ള ദിവസം *(ഓഫീസ് അവധി)*

27 വെള്ളി : മാർ യോഹന്നാൻ ശ്ലീഹാ, സി.എൽ.റ്റി. ക്ലാസ്സ്

28 ശനി : കുഞ്ഞിപ്പൈതങ്ങൾ (ശിശുദിനം)

29 ഞായർ : പിറവിക്കാലം ഒന്നാം ഞായർ ക്ലാസ്സ്– 31

**2025 ജനുവരി**

01 ബുധൻ : പുതുവത്സരം

03 വെള്ളി : വി. കുര്യാക്കോസ് ഏലിയാസ് ചാവറ

04 ശനി : സി.എൽ.റ്റി. ക്ലാസ്സ്

05 ഞായർ : പിറവിക്കാലം രണ്ടാം ഞായർ ക്ലാസ്സ്– 32

06 തിങ്കൾ : **ദനഹാതിരുനാൾ** (കടമുള്ള ദിവസം)

11 ശനി : സി.എൽ.റ്റി. ക്ലാസ്സ്, **മതാധ്യാപകസെമിനാർ: തുരുത്തി, ചങ്ങനാശ്ശേരി ഫൊറോനകൾ**

**മതാധ്യാപകസെമിനാർ**

ഫൊറോനാതലത്തിലുള്ള അർധദിനസെമിനാർ അവസാനഘട്ടത്തിലാണ്. *വിശ്വാസപരിശീലനം ഇന്ന്* എന്ന വിഷയത്തെ ആസ്പദമാക്കിയ ഈ സെമിനാറിൽ വിശ്വാസപരിശീലകർ ആദ്യന്തം പങ്കെടുക്കേണ്ടതാണ്. ഇതുവരെ സെമിനാറിൽ സംബന്ധിക്കാത്ത അധ്യാപകർ ഇനിയുള്ള ഏതെങ്കിലും ഫൊറോനയിൽ നിർബന്ധമായും പങ്കെടുത്തിരിക്കണം.

| **രാവിലെ** | | **ഉച്ചകഴിഞ്ഞ്** |
|---|---|---|
| ഡിസംബർ 14 - അതിരമ്പുഴ | ഡിസംബർ | 01 - തിരുവനന്തപുരം |
| | | 14 - കുടമാളൂർ |
| | | 15 - കൊല്ലം - ആയൂർ |
| | | 22 - തൃക്കൊടിത്താനം |
| 2025 ജനുവരി 11 - തുരുത്തി | ജനുവരി | 11 - ചങ്ങനാശ്ശേരി |

**സി.ആർ.റ്റി. വിസിറ്റ്**

കാറ്റക്കെറ്റിക്കൽ റിസോഴ്സ് ടീമിന്റെ സൺഡേസ്കൂൾ സന്ദർശനങ്ങൾ ഡിസംബറിൽ പൂർത്തീകരിക്കാൻ എല്ലാവരും സഹകരിക്കുമല്ലോ. സന്ദർശനവേളയിൽ *സൺഡേസ്കൂൾ പ്രൈമറി ഡേറ്റ* പൂരിപ്പിച്ചു ടീം ലീഡറെ ഏല്പിക്കേണ്ടതാണ്. സൺഡേസ്കൂളിന്റെ വളർച്ചയ്ക്കുതകുന്നവിധം ഓരോ സന്ദർശനവും ഫലപ്രദമാക്കാൻ മുന്നൊരുക്കത്തോടെ തയ്യാറെടുക്കാം. സി.ആർ.റ്റി. റിപ്പോർട്ടുകൾ സന്ദർശനങ്ങൾ അവസാനിക്കുന്നമുറയ്ക്ക് എത്രയും പെട്ടെന്നു സന്ദേശനിലയത്തിൽ ഏല്പിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

**അതിരൂപതാമതാധ്യാപകനേതൃസംഗമം**

അതിരൂപതാതലത്തിലുള്ള മതാധ്യാപകനേതൃസംഗമം **2025 ജനുവരി 25ന്** അതിരൂപതാകേന്ദ്രത്തിലെ മാർ ജയിംസ് കാളാശ്ശേരി ഇൻഡോർ സ്റ്റേഡിയത്തിൽ നടത്തപ്പെടുന്നതാണ്. മതാധ്യാപനമേഖലയിൽ 50, 25 വർഷം പൂർത്തിയാക്കിയവരെ നേതൃസംഗമത്തിൽ ആദരിക്കുന്നതാണ്. *ജൂബിലേറിയൻസിന്റെ ബയോഡേറ്റ, ഫോട്ടോ, വികാരിയച്ചന്റെ സാക്ഷ്യപത്രം* എന്നിവ **ഡിസംബർ 31നു മുമ്പു** സന്ദേശനിലയത്തിൽ എത്തിക്കേണ്ടതാണ്. യോഗ്യരായവരുടെ

ലിസ്റ്റ് കാലതാമസം വരുത്താതെ നൽകാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഫൊറോനാ സെക്രട്ടറിമാർ, സി.ആർ.റ്റി. അംഗങ്ങൾ, ഹെഡ്മാസ്റ്റർമാർ, ഓഫീസ്-സ്റ്റാഫ് സെക്രട്ടറിമാർ, എന്നിവർ ഇതിൽ പങ്കെടുക്കേണ്ടതാണ്. അധ്യാപകർക്കായി നടത്തപ്പെട്ട മത്സരങ്ങളിലെ വിജയികൾക്ക് ഈയവസര ത്തിൽ സമ്മാനങ്ങൾ വിതരണം ചെയ്യുന്നതാണ്.

**പ്രത്യേകശ്രദ്ധയ്ക്ക്**

സൺഡേസ്കൂളിന്റെ ഒന്നാം ടേം പരീക്ഷകളുടെ മാർക്കും ഹാജരും ക്ലാസ്സടി സ്ഥാനത്തിൽ Ecos@Sandesൽ എന്റർ ചെയ്യുന്ന നടപടികൾ ഇതിനോടകം സൺഡേ സ്കൂളുകൾ പൂർത്തീകരിച്ചിരിക്കുമല്ലോ. ഇക്കാര്യത്തിൽ പ്രധാനാ ധ്യാപകരുടെ അടിയന്തരശ്രദ്ധ ഉണ്ടാകേണ്ടതാണ്.

**നന്ദി**

മുൻവർഷങ്ങളിൽനിന്നും വ്യത്യസ്തമായി അതിരൂപതാ ബൈബിൾ കലോ ത്സവമത്സരങ്ങൾ ഒക്ടോബറിൽ പൂർത്തിയാക്കാൻ സാധിച്ചു. പരിമിതികളെ അതിജീവിച്ച് ഇതു വിജയിപ്പിക്കാൻ പ്രയത്നിക്കുകയും സഹകരിക്കുകയും ചെയ്ത ബൈബിൾ കലോത്സവകമ്മിറ്റി, എ.സി.സി.-സി.ആർ.റ്റി. അംഗങ്ങൾ, 2024-2025 വർഷത്തെ സി.എൽ.റ്റി. ബാച്ച്, മതാധ്യാപകർ, വിജയികൾ എന്നി വരെ അഭിനന്ദിക്കുകയും നന്ദിയോടെ സ്മരിക്കുകയും ചെയ്യുന്നു.

**എസ്.എം.സി.സി. പ്രതിഭാനിർണയക്യാംപ്: തെരഞ്ഞെടുക്കപ്പെട്ടവർ (അതിരൂപതാതലം)**

| പേര് | സൺഡേസ്കൂൾ | സ്ഥാനം |
|---|---|---|
| ട്രീസ ജയിംസ് വട്ടപ്പാറ | സെന്റ് സേവ്യേഴ്സ് ഫൊറോന തൃക്കൊടിത്താനം | ഒന്ന് |
| ക്രിസ്റ്റോ കെ. ജോസഫ് വള്ളോപ്പള്ളി | സെന്റ് ഗ്രിഗറീസ് വെളിയനാട് നോർത്ത് | ഒന്ന് |
| എയ്ഞ്ചലിൻ മാർഗരറ്റ് മാത്യു വലിയവീട്ടിൽ | സെന്റ് മേരീസ് പുളിങ്കുന്ന് ഫൊറോന | രണ്ട് |
| ജിസ്വിൻ ജോർജ് കാക്കതുരുത്തേൽ | സെന്റ് തോമസ് പുന്നത്തുറ | രണ്ട് |
| മെറിൻ കുര്യൻ തുറവശ്ശേരി | സെന്റ് ജോസഫ്സ് വെരൂർ | മൂന്ന് |
| സാം എബ്രാഹം ബൈജു മണലിപ്പറമ്പിൽ | സെന്റ് സേവ്യേഴ്സ് ഫൊറോന തൃക്കൊടിത്താനം | മൂന്ന് |

- 1, 2 സ്ഥാനങ്ങൾ കരസ്ഥമാക്കിയവർ ഡിസംബറിൽ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടത്തപ്പെടുന്ന പ്രതിഭാസംഗമത്തിൽ പങ്കെടുക്കേണ്ടതാണ്.

**ആദരാഞ്ജലികൾ**

സൺഡേസ്കൂളിലെ മുൻ അധ്യാപകരായ സി. ആൻസെലം എഫ്.സി.സി., സി. ലെയോണി എഫ്.സി.സി., കുറുമ്പനാടം അസംപ്ഷൻ സൺഡേസ്കൂൾ അധ്യാപകൻ രാജു മൂലയിൽ എന്നിവരുടെ മാതാവിന്റെ നിര്യാണത്തിൽ സന്ദേശ നിലയം-മിഷൻലീഗ് കുടുംബം അനുശോചനവും പ്രാർഥനയുമറിയിക്കുന്നു.

# ചെറുപുഷ്പ മിഷൻലീഗ്
## (CML)

സ്നേഹംനിറഞ്ഞ കുഞ്ഞുമിഷനറിമാരേ,

സന്തോഷത്തിന്റെയും സമാധാനത്തിന്റെയും ദൂതുമായി വന്ന നമ്മുടെ രക്ഷകനായ ഈശോയുടെ മനുഷ്യാവതാരത്തിന്റെ 2025-ാം ജൂബിലിവർഷത്തിലേക്കും ആരാധനാവത്സരത്തിലെ മംഗളവാർത്തക്കാലത്തിലേക്കും നാം പ്രവേശിച്ചിരിക്കുകയാണ്. ഈ വർഷം നവീകരണത്തിന്റെ കാലമായി മാറ്റാം. ക്രിസ്തുമസിന് ഒരുങ്ങാൻ നമ്മെ സഹായിക്കുന്ന *ഉണ്ണിയെത്തേടി* എന്ന സുകൃതകലണ്ടറിലൂടെയും ഇരുപത്തഞ്ചുനോമ്പെടുത്തും അനുരഞ്ജന കൂദാശ സ്വീകരിച്ചും സുകൃതങ്ങൾ അനുഷ്ഠിച്ചും പരിശുദ്ധ കുർബാനയിൽ പങ്കെടുത്തും ഈശോയുടെ തിരുപ്പിറവിക്കായി ഒരുങ്ങാം. ദൈവം നൽകിയ അനുഗ്രഹങ്ങൾക്കു നന്ദിപറയുകയും ദൈവാനുഗ്രഹങ്ങളാൽ സമ്പന്നമായ പുതിയവർഷത്തിനായി പ്രാർഥിക്കുകയും ചെയ്യാം. പരിശുദ്ധ കന്യകാമറിയത്തിന്റെ അമലോത്ഭവതിരുനാളിന്റെയും ക്രിസ്തുമസിന്റെയും ആശംസകൾ ഏവർക്കും നേരുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. സെബാസ്റ്റ്യൻ മാമ്പറ**
**ഫാ. ജോസഫ് പൊന്നാറ്റിൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടേഴ്സ്)*

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**ഡിസംബർ**

01 ഞായർ : ഇരുപത്തഞ്ചുനോമ്പ്-'ഉണ്ണിയെത്തേടി' ആരംഭം

03 ചൊവ്വ : വി. ഫ്രാൻസിസ് സേവ്യർ

14 ശനി : ബേത്ലെഹെം മീറ്റ്, പഠനഗ്രന്ഥചർച്ച

18 ബുധൻ : മൈലാപ്പൂരിലെ അദ്ഭുതസ്ലീവാ

25 ബുധൻ : പിറവിതിരുനാൾ *(ഓഫീസ് അവധി)*

28 ശനി : കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾ

31 ചൊവ്വ : എക്ലേസിയ ക്വിസ്, മിഷൻ എലൈവ്: മേഖലകളുടെ ലിസ്റ്റ് സമർപ്പിക്കേണ്ട അവസാനതീയതി

**2025 ജനുവരി**

03 വെള്ളി : വി. കുര്യാക്കോസ് ഏലിയാസ് ചാവറ, സന്യസ്തർക്കുവേണ്ടി പ്രാർഥിക്കാം

06 തിങ്കൾ : ദനഹാതിരുനാൾ (കടമുള്ള ദിവസം)

11 ശനി : എക്ലേസിയ ക്വിസ്, മിഷൻ എലൈവ്: അതിരൂപതാതലമത്സരം

## ക്രിസ്കാർഡ് മത്സരം

ഉണ്ണീശോയ്ക്ക് ഒരു ക്രിസ്തുമസ് കാർഡ് വരച്ചുകൊണ്ടു ക്രിസ്തുമസിന്റെ നാളുകൾ വർണാഭമാക്കാം. *ഡിസംബർ 20നു മുമ്പു* സ്വന്തം ശാഖകളിൽ ക്രിസ് കാർഡ് മത്സരം നടത്തി ഒന്നും രണ്ടും സ്ഥാനം ലഭിച്ച കാർഡുകൾ **ഡിസംബർ 31 മുമ്പ്** അതിരൂപതാ ഓഫീസിൽ നൽകേണ്ടതാണ്. വരച്ചു കളർ ചെയ്തവ മാത്രം കൊണ്ടുവരാൻ ശ്രദ്ധിക്കുമല്ലോ (വിശദവിവരങ്ങൾ മാർഗരേഖ 33, 34 പേജുകളിൽ).

## ശാഖ-മേഖല-അതിരൂപതാതലതെരഞ്ഞെടുപ്പ്

സംഘടനയെ ഈശോയുടെ ചൈതന്യത്തിൽ വളർത്താൻ കഴിയുന്നവരുടെ നേതൃത്വത്തെ ശാഖ–മേഖലാതലങ്ങളിൽ കണ്ടെത്തേണ്ടതാണ്. ശാഖ–മേഖല–അതിരൂപതാതലങ്ങളിൽ ഓർഗനൈസിങ് ഭാരവാഹികളുടെയും കുട്ടികളുടെ ഭാരവാഹികളുടെയും പ്രവർത്തനകാലാവധി അവസാനിക്കുന്നതിനാൽ പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കേണ്ടതാണ്. 2025–2026 പ്രവർത്തനവർഷത്തേക്കുള്ള ശാഖാതലഭാരവാഹികളെ *ഡിസംബറിലും* മേഖലാതലഭാരവാഹികളെ *2025 ജനുവരിയിലും* തെരഞ്ഞെടുക്കേണ്ടതും മേഖലാഭാരവാഹികളുടെ പൂർണമായ ലിസ്റ്റ് **2025 ഫെബ്രുവരി എട്ടിനു മുമ്പ്** അതിരൂപതാ ഓഫീസിൽ ഏല്പിക്കേണ്ടതുമാണ്.

## എക്ലേസിയ ക്വിസ്-മിഷൻ എലൈവ് മത്സരങ്ങൾ

2025 ജനുവരി 11നു നടത്തപ്പെടുന്ന എക്ലേസിയ ക്വിസിനായി മേഖലാതലത്തിൽ മത്സരം നടത്തി ഒന്നാം സ്ഥാനത്തിനർഹത നേടുന്ന ടീമിന്റെ പേരുവിവരങ്ങൾ **ഡിസംബർ 31നു മുമ്പ്** അതിരൂപതാ ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

മിഷൻ എലൈവ് മത്സരത്തിനായി മിഷൻലീഗിന്റെ പഠനഗ്രന്ഥത്തെ അടിസ്ഥാനമാക്കി ചർച്ചാക്ലാസ്സ് നടത്തി, ഏഴുപേരടങ്ങുന്ന ഒരു ടീമിനെ തയ്യാറാക്കി അതിരൂപതാതലമത്സരത്തിനായി അയയ്ക്കേണ്ടതാണ്. *വിഷയം: ദൈവവചനം ജീവിതത്തിൽ*. വിശദവിവരങ്ങൾ മാർഗരേഖ 32–35 പേജുകളിൽ. (പങ്കെടുക്കുന്നവരുടെ ലിസ്റ്റ് **ഡിസംബർ 31നു മുമ്പ്** ഓഫീസിൽ ഏല്പിക്കേണ്ടതാണ്). ഓരോ ഗ്രൂപ്പിനും രജിസ്ട്രേഷൻ ഫീസ് 150 രൂപയാണ്.

## മിഷൻ ക്വസ്റ്റ് 2024

ആഗോളസീറോമലബാർസഭയുടെ ഐക്യം, സീറോമലബാർസഭയെക്കുറിച്ചുള്ള നമ്മുടെ അറിവും വിശ്വാസവും വർധിപ്പിക്കുക എന്നിവ ലക്ഷ്യമാക്കിയുള്ള 'മിഷൻ ക്വസ്റ്റ് 2024 ഓൺലൈൻ ക്വിസ്' **ഡിസംബർ 14** വൈകുന്നേരം ആറിനു നടത്തപ്പെടുന്നതാണ്. മുതിർന്നവർക്കും കുട്ടികൾക്കുംവേണ്ടിയുള്ള ഈ മത്സരത്തിൽ 5–ാം ക്ലാസ്സ് മുതലുള്ള കുട്ടികൾ, മാതാപിതാക്കൾ, മതാധ്യാപകർ, മിഷൻലീഗ് ഭാരവാഹികൾ, യുവജനങ്ങൾ എന്നിവർ പങ്കെടുക്കണമെന്ന് ഓർമിപ്പിക്കുന്നു.

**പഠനഭാഗങ്ങൾ**

1. ബൈബിൾ: വി. ലൂക്കായുടെ സുവിശേഷം (ഈശോയുടെ മിഷൻപ്രവർത്തനങ്ങൾ) — 30%
2. മിഷൻസുവിശേഷപ്രഘോഷണം *(EVANGELII NUNTIANDI - വി. പോൾ ആറാമൻ മാർപാപ്പായുടെ അപ്പസ്തോലികപ്രബോധനം)* — 40%
3. മതബോധനം: സീറോമലബാർസഭയുടെ ആരാധനക്രമ വിശ്വാസപരിശീലനം (അധ്യായം 1 & 2, പേജ് 1–37) — 30%